**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | 2015-ൽ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിന് അഞ്ച് വർഷം കൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ 475 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം സമീപ പ്രദേശങ്ങളിൽ ഭാവിയിൽ തീരശോഷണം ഉണ്ടായാൽ ബാധിക്കപ്പെട്ടേക്കാവുന്നവരുടെ പുനരധിവാസത്തിനു വേണ്ടി 5 വർഷം കൊണ്ട് 475 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് 2015 ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഫിഷറീസ് വകുപ്പ് വഴിയാണ് ഈ പ്രൊജക്റ്റ് നടപ്പാക്കുവാനുദ്ദേശിച്ചിരുന്നത്. ഇതിൽ ഭവന നിർമ്മാണത്തിന് 350 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ക്കായി 125 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | കടലാക്രമണത്തിൽ ഭൂമിയും വീട്ടും നഷ്ടപ്പെട്ടവരെയും തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ തീര പ്രദേശങ്ങളിലുള്ള ആളുകളെ പുനരധിവസിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചി രിക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 832 ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്ത് ഗൃഹനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br><br>മുട്ടത്തറയിൽ 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താ ക്കൾക്ക് കൈമാറി. ഫ്ലാറ്റ് നിർമ്മാണത്തിന് മാത്രമായി 21 കോടി രൂപ |

ചെലവഴിച്ചു, ബീമാപള്ളിയിൽ 20 ഫ്ലാറ്റ് നിർമ്മിച്ചു നൽകി. കാരോട് 6 കോടി രൂപ ചെലവിൽ സ്ഥലം വാങ്ങി 128 ഫ്ലാറ്റും നിർമ്മിച്ച് ഇതിനകം കൈമാറി.

കടലാക്രമണത്തെ തുടർന്ന് ക്യാമ്പുകളിലും ബന്ധുവീടുകളിലും കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി വലിയതുറയിൽ 2.94 ഏക്കർ സർക്കാർ ഭൂമിയിൽ 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയെങ്കിലും രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെ തുടർന്ന് നിർമ്മാണം തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. ഈ ഫ്ലാറ്റുകൾ പൂർത്തിയായാൽ ക്യാമ്പുകളിൽ കഴിയുന്ന എല്ലാവർക്കും വീടുകൾ നൽകുവാൻ കഴിയും. മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള 17 ഏക്കർ ഭൂമിയിൽ നിന്ന് 8 ഏക്കർ ഭൂമി ഏറ്റെടുത്ത് അവിടെയും ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെ ഈ പ്രദേശത്തുള്ള ഭവന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്.

കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴി ലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ അനുവദിച്ചു.

2020-21-ൽ കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവ മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 36.12 കോടി രൂപ ധനസഹായം അനുവദിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ തൊഴിലാളികൾക്ക് 1000 രൂപ വീതവുമാണ് ധനസഹായം നൽകിയത്. 2,07,104 പേർക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ട്.

തീരസംരക്ഷണത്തിനും തീര ശോഷണനം തടയുന്നതിനുമായി പൂന്തുറ മുതൽ വലിയ തുറവരെയുള്ള ഭാഗത്ത് ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയുടെ വിജയത്തിനനുസരിച്ച് ഇത് മറ്റ് മേഖലകളിലും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. തീരദേശത്തെ കുട്ടികൾക്ക് വിദ്യ നൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സിവിൽ സർവ്വീസ്, ബാങ്കിംഗ്, പി.എസ്.സി, മെഡിസിൻ എന്നീ പരീക്ഷകൾക്ക് കോച്ചിംഗ് നൽകുന്നുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി തിരുവനന്തപുരം

ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ 3.75 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കി. ഇതിനു പുറമെ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 5.60 കോടി രൂപ ചെലവ് വരുന്ന മറ്റൊരു പ്രൊജക്ടും നടപ്പാക്കിയിട്ടുണ്ട്.

വിഴിഞ്ഞം പ്രദേശത്ത് ശുദ്ധ ജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശ ലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തി വരുന്നു.

1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ലധികം) സൗജന്യ ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിഴിഞ്ഞം CHC യെ 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ അടക്കമുള്ള ഒരു നില അദാനി കമ്പനി നിർമ്മിച്ച് നൽകുന്നുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. ഇത് കൂടാതെ നിലവിലുള്ള സബ് സെന്ററിനെ ഒരു PHC ആയി ഉയർത്താമെന്ന് ആരോഗ്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. ഇതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 1.8 കോടി രൂപയുടെ പ്രൊജക്ട് തയ്യാറാക്കി അനുയോജ്യ മായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാരിന്റെ ഏജൻസിയായ ASAP 48 കോടി രൂപ ചെലവിൽ ഈ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി നൈപുണ്യ വികസന പദ്ധതിക്ക് വേണ്ടികെട്ടിടം നിർമ്മിച്ചു വരുകയാണ്. കെട്ടിട

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തിയായാൽ ഇവിടെ അദാനി കമ്പനി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് തദ്ദേശ വാസികൾക്ക് വിവിധ കോഴ്സുകളിൽ പരിശീലനം നൽകും. 22 കോടി രൂപ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കും 26 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയുമാണ് കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നത്. ഇവിടെ പരിശീലനം ലഭിക്കുന്ന ആളുകൾക്ക് തുറമുഖത്ത് തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.<br><br>തുറമുഖം വന്നതോടെ കളിസ്ഥലം നഷ്ടപ്പെട്ടതിന് പകരമായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ രണ്ട് ഏക്കർ ഭൂമിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു ആധുനിക സീഫുഡ് പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. തുറമുഖത്തോടൊപ്പം ഈ പ്രൊജക്ടും പൂർത്തിയാക്കുന്നതാണ്.<br><br>ഇതു കൂടാതെ അദാനി കമ്പനിയുടെ CSR ഫണ്ടിലുൾപ്പെടുത്തി ഒട്ടേറെ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്ന് പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം, വാർദ്ധക്യകാല പരിചരണം, കപ്പാസിറ്റി ബിൽഡിങ് എന്നീയിനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | തിരുവനന്തപുരം ജില്ലയിലെ കടലോരത്ത് വേലിയേറ്റ രേഖയുടെ 50 മീറ്റർ താമസിക്കുന്ന മുഴുവൻ മത്സ്യതൊഴിലാളികളെയും പുനരധിവസിപ്പിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന് ഏതാണ്ട് 2650 കോടി രൂപ ചെലവാകും എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുവരെ 340 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറി. തിരുവനന്തപുരം ജില്ലയിൽ സർക്കാർ സഹായത്തോടു കൂടി 800 പേർക്ക് ഭൂമി സ്വന്തമായി വാങ്ങി നൽകി. 192 ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട. ക്ഷീര വികസന വകുപ്പിന്റെ ഭൂമി ലഭിക്കുന്ന മുറക്ക് കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതാണ്. വിദ്യാഭ്യാസത്തിനും മറ്റ് ട്രെയിനിംഗ് പ്രോഗ്രാമുകൾക്കും തുക വകയിരുത്തി ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നുണ്ട്. വാർദ്ധക്യ കാലപരിചരണത്തിന് പകൽ വീട് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ASAP വഴി നടപ്പാക്കുന്ന ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിന് മാത്രം 48 കോടി രൂപ ചെലവാകും. ഫുഡ് പ്രൊസസിംഗ് യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം തീരദേശ ജനതയുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് വഴിതെളിക്കും. ഇതു കൂടാതെ തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ വലിയ തോതിലുള്ള തൊഴിലവസരങ്ങളും ഉണ്ടാകും. ഈ നിലയിൽ സർക്കാർ ഉത്തരവായതിനേക്കാൾ കൂടിയ തുകയാണ് ഈ പ്രൊജക്ടിന് ചെലവഴിക്കുന്നത്.<br><br>475 കോടി രൂപയുടെ കരട് പദ്ധതിയിൽ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ജീവനോപാധി പദ്ധതികൾ ക്കായി പരാമർശിച്ചിട്ടുള്ള 125 കോടി രൂപയിൽ 30.37 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി പരിശോധിച്ചു വരികയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| Sl.No. | Abstract | Amount (in crores) |
|---|---|---|
| 1 | Housing Support | 350.00 |
| 2 | Livelihood to fishermen | 59.00 |
| 3 | Capacity Building for fishermen | 0.50 |
| 4 | Fisherwomen Empowerment Programme | 39.00 |
| 5 | Education | 24.00 |
| 6 | Geriatric Care (Pakal Veedu) | 2.50 |
| | Total | 475.00 |

| **Sl. No.** | **Abstract** | **Amount (in crores)** |
|---|---|---|
| 1. | Stay Boat (100 units) | 20.00 |
| 2. | Stock Enhancement of Shell/fin fishes along the coast of South Kollemcode - Adimalathura | 1.00 |
| 3. | Detailed project report of Career guidance | 0.10 |
| 4. | Theeranaipunya (3000 youth) | 4.912 |
| 5. | Fish Kiosk (200 units) | 0.60 |
| 6. | Artificial Reef (1600 Nos.) | 3.7563 |
| **Total** | **30.3683** | |